7184

"ഭരണഭാഷ – മാതൃഭാഷ"

നം: ക്യൂ.ഐ.പി 1/9141/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 30/12/2020

പ്രേഷകൻ

**പൊതുവിദ്യാഭ്യാസ ഡയറക്ടർ,**
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

എല്ലാ റീജിയണൽ ഡപ്യൂട്ടി ഡയറക്ടർമാർക്കും (എച്ച്.എസ്.ഇ വിഭാഗം)

എല്ലാ അഡീഷണൽ ഡയറക്ടർമാർക്കും (വി.എച്ച്.എസ്.ഇ വിഭാഗം)

എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

എല്ലാ പ്രിൻസിപ്പൽ/പ്രഥമാദ്ധ്യാപകർക്കും
(ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം-2021 ജനുവരി 1 ന് കുട്ടികൾ സ്കൂളിലെത്തുമ്പോൾ മുഴുവൻ അദ്ധ്യാപകരും ഹാജരാകണമെന്ന നിർദ്ദേശം - സംബന്ധിച്ച്

സൂചന:-
1) 24/12/2020 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നും പുറത്തിറക്കിയ ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ
2) സർക്കാർ ഉത്തരവ് (സാധാ) നം. 814/2020/DMD തീയതി, 14/10/2020
3) സർക്കാർ ഉത്തരവ് (സാധാ) നം. 964/2020/DMD തീയതി, 10/12/2020

PS
31/12/2020

****

2021 ജനുവരി 1 ന് 10,12 ക്ലാസ്സിലെ കുട്ടികൾ സ്കൂളിലെത്തുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (1) പ്രകാരം നൽകിയിരുന്നു. അപ്രകാരം കുട്ടികൾ സ്കൂളിൽ എത്തുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതാണ്.

1) 2021 ജനുവരി 1 ന് എല്ലാ ഹൈസ്ക്കൂൾ/ഹയർ സെക്കന്ററി വിഭാഗം അദ്ധ്യാപകരും, അനദ്ധ്യാപക ജീവനക്കാരും, എൽ.പി/യു.പി അറ്റാച്ച്ഡ് ഹൈസ്ക്കൂളിലെ അദ്ധ്യാപകരും നിർബന്ധമായും സ്കൂളിൽ ഹാജരാകേണ്ടതാണ്.

2) തുടർന്നുള്ള ദിവസങ്ങളിൽ പ്രിൻസിപ്പൽ/പ്രഥമാദ്ധ്യാപകർ നിശ്ചയിക്കുന്ന ക്രമ പ്രകാരം അക്കാദമിക/അക്കാദമികേതര ചുമതലകൾ ഏറ്റെടുത്ത് അദ്ധ്യാപകർ പ്രവർത്തിക്കേണ്ടതാണ്.

3) സൂചന (2) (3) പ്രകാരമുള്ള ഉത്തരവുകളിൽ പരാമർശിക്കുന്ന 'വർക്ക് ഫ്രം ഹോം' ആനുകൂല്യം അതിൽ പരാമർശിക്കുന്ന വിഭാഗം ജീവനക്കാർക്കും, അദ്ധ്യാപകർക്കും ലഭിക്കുന്നതാണ്.

4) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡിന്റെ നേതൃത്വത്തിൽ ഓരോ ഹൈസ്കൂൾ/ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററിയിലും ഹാൻഡ് സാനിറ്റൈസറും, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ ഒരു വെറ്റ്മാറ്റ്, ഒരു ഡ്രൈ മാറ്റ്, പ്ലാസ്റ്റിക് ട്രേ, ഒരു ലിറ്റർ അണുനശീകരണ ലായനി എന്നിവ ഉൾപ്പെടുന്ന ഒരു കിറ്റും ഉടൻ സ്കൂളുകളിൽ എത്തിക്കുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന ഹാൻഡ് സാനിറ്റൈസർ (5 ലിറ്റർ കാനുകൾ) പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ പ്രിൻസിപ്പൽ/പ്രഥമാദ്ധ്യാപകർ ചെയ്യേണ്ടതും അപകടരഹിതമായ സ്ഥലങ്ങളിൽ സൂക്ഷിക്കേണ്ടതും സുരക്ഷിതമായി ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,

**ജീവൻ ബാബു കെ ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

[illegible] A5/7184/20 dt 31/12/20

എല്ലാ പ്രധാനാധ്യാപകരുടെയും അറിവിലേക്കും തുടർനടപടികൾക്കുമായി നൽകുന്നു.

ഡി.ഇ.ഒ.
തൃശ്ശൂർ.
**DISTRICT EDUCATIONAL OFFICER,**
**THRISSUR**